പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3855 — 24.06.2014 ലെ മറുപടിയ്ക്ക്

കെ. എസ്.എഫ്.ഇ-യിൽ തസ്തിക മാറ്റം വഴിയുള്ള നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.എഫ്.ഇ യിൽ തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡർ തസ്തികയിൽ നിന്നും ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തെര ഞ്ഞെടുക്കപ്പെട്ട മുഴുവൻ പേർക്കും നിയമനം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) ഇല്ല. കെ.എസ്.എഫ്.ഇ യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ പുതുതായി നിലവിൽ വരുന്ന ഒഴിവുകളുടെ 5% ഒഴിവുകളിലേയ്ക്കാണ് യോഗ്യത നേടിയ ഓഫീസ് അറ്റൻഡന്റർമാർക്ക് ജൂനിയർ അസിസ്റ്റന്റായി പ്രമോഷൻ നൽകുന്നത്. നിലവിൽ ഇത്തരത്തിലുള്ള 5% ഒഴിവുകൾ എല്ലാം നികത്തപ്പെട്ടതിനാൽ പുതിയ ഒഴിവുകൾ വരുന്ന മുറയ്ക്ക് ബാക്കിയുള്ള യോഗ്യത നേടിയ ഓഫീസ് അറ്റൻഡന്റർമാർക്ക് ജൂനിയർ അസിസ്റ്റന്റായി പ്രമോഷൻ നൽകുന്നതാണ്. |
| (ബി) സർക്കാർ ഉത്തരവ് നമ്പർ 1/2014/ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - ന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; പ്രസ്തുത ഉത്തരവ് കെ.എസ്.എഫ്.ഇ യിലെ ക്ലാസ്സ് ഫോർ ജീവനക്കാർക്കും ബാധകമാകുമോ ; | (ബി) 03.01.2014-ലെ സ.ഉ.(പി.) നമ്പർ 1/2014/ ഉ.ഭ.പ.വ. പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എൽ.ഡി. ക്ലർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് അതാത് വകുപ്പുകളിലെ ക്ലാസ്സ് - IV / സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് പി.എസ്.സി. മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10 % തസ്തിക മാറ്റത്തിന് പുറമേ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് |

സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി. ക്ലർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തെക്കാൾ താഴ്ന്ന ശമ്പളസ്കെയിലുള്ളവർ) തസ്തികമാറ്റം വഴി അതാതു വകുപ്പിലെ എൽ.ഡി. ക്ലർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് കൂടി യോഗ്യതയുടെയും, സീനിയോറിറ്റി യുടെയും അടിസ്ഥാനത്തിൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം മറികടന്ന്, തസ്തികമാറ്റം അനുവദിച്ചു നൽകുന്നതിന് താഴെ പറയുന്ന വ്യവസ്ഥകളോടെ ഉത്തരവായിട്ടുണ്ട്.

i. തസ്തികമാറ്റം ലഭിക്കാൻ അർഹരായ ജീവനക്കാർ താഴ്ന്ന തസ്തികയിൽ പ്രോബേഷൻ പൂർത്തീകരി ച്ചിരിക്കണം.

ii. ടി ജീവനക്കാർ താഴ്ന്ന തസ്തികകളിൽ 3 വർഷം സേവനം പൂർത്തീകരി ച്ചിരിക്കണം.

എൽ.ഡി. ക്ലർക്ക് / എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സീനിയോറിറ്റിയുടെയും, യോഗ്യതയുടെയും അടിസ്ഥാനത്തിൽ ഏതെങ്കിലും വകുപ്പിൽ 10 ശതമാന ത്തിലധികം വകുപ്പുതല ബൈട്രാൻസ്ഫർ നിയമനത്തിന് സ്പെഷ്യൽ റൂൾ പ്രകാരമോ എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരമോ നിലവിൽ വ്യവസ്ഥ യുണ്ടെങ്കിൽ ടി നിയമനം 10 ശതമാനമായി അതാതു ഭരണ വകുപ്പുകൾ നിജപ്പെടുത്തേണ്ടതും സ്പെഷ്യൽ റൂളിൽ അടിയന്തിരമായി

ആവശ്യമായ ഭേദഗതി വരുത്തേണ്ടതുമാണെന്നും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് സംസ്ഥാന സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിലെ ജീവനക്കാർക്കാണ് ബാധകമായിട്ടുള്ളത്.

(സി) വിവിധ പ്രമോഷനിലൂടെയും പിരിഞ്ഞുപോയവരുടെയും ഉൾപ്പെടെ കമ്പനിയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

(സി) ജൂനിയർ അസിസ്റ്റൻറ് തസ്തികയിൽ 953 ഒഴിവുകളും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 530 ഒഴിവുകളും കെ.എസ്.എഫ്.ഇ യിൽ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.